പ്രദേശങ്ങളുടെയും 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശ വികസനവും ആക്ട് പ്രകാരം വ്യവസായ പ്രദേശമായി പ്രഖ്യാപിക്കപ്പെട്ട പ്രദേശങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന് വ്യാപൃതിയുണ്ടായിരിക്കില്ലായെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ടിലെ XIX-ാം അദ്ധ്യായപ്രകാരം ഗ്രാമപഞ്ചായത്തിന് ഒരു സ്ഥാപനത്തിന്മേൽ ചുമത്താവുന്ന നികുതികളിൽ നിന്ന് അത്തരം വ്യാവസായിക പ്രദേശങ്ങളിലെ കെട്ടിടങ്ങളെ ഒഴിവാക്കിയിട്ടില്ല. (ഭേദഗതി ആക്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)

(ബി) കേരള ക്ലേയ്സ് & സിറാമിക് പ്രോഡക്ട് ലിമിറ്റഡിന്റെ കമ്പനിയുടെ ലാറ്ററൈറ്റ് ഖനിക്ക് കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയിട്ടില്ല. എന്നാൽ കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്തിന്റെ 30-6-2004-ലെ 3-ാം നമ്പർ തീരുമാനപ്രകാരം മേൽ സ്ഥാപനത്തിന് ഖനനം നടത്തുന്നതിനും എക്സ്പ്ലോസീവ്സ് ഉപയോഗിക്കുന്നതിനും ഗ്രാമപഞ്ചായത്തിന് വിരോധമില്ലെന്ന് ജില്ലാ കളക്ടറെ അറിയിക്കുവാൻ ഗ്രാമപഞ്ചായത്ത് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. (അനുബന്ധം)*

(സി) കിനാനൂർ-കരിന്തളം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തലയാട്ടക്കം എന്ന സ്ഥലത്ത് 10 വർഷത്തിലധികമായി നടത്തി വരുന്ന ലാറ്ററൈറ്റ് ഖനനം പ്രസ്തുത പ്രദേശത്തിന്റെ ജൈവവൈവിധ്യത്തിന് ആഘാതമേൽപ്പിക്കുന്നതിനാൽ ഖനന പ്രവർത്തികൾ അവസാനിപ്പിക്കുന്നതിനും സ്ഥാപനത്തിലെ തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ച് ഗ്രാമപഞ്ചായത്ത് 31-1-2015-ലെ 25/15 നമ്പരായി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ടി തീരുമാനം വ്യവസായ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പ് ടി തീരുമാനം പരിശോധിച്ചുവരുന്നു.

തവനൂർ പഞ്ചായത്തിലെ കൺവീനർ വർക്കുകൾ

211 (3188) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതി പ്രവൃത്തികൾ ടെണ്ടർ ചെയ്യാതെ കൺവീനർ വർക്കാക്കി നൽകിയാൽ സാമ്പത്തിക നഷ്ടം വരാറുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മലപ്പുറം ജില്ലയിലെ തവനൂർ പഞ്ചായത്തിൽ നിലവിലുള്ള ഭരണസമിതി വന്നതിനുശേഷം എത്ര റോഡുകൾക്കാണ് ഇക അനുവദിച്ചിട്ടുള്ളത് എന്നും, എത്ര രൂപയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ എത്ര രൂപയുടെ എത്ര റോഡുകളാണ് ടെണ്ടർ ചെയ്തിട്ടുള്ളത് എന്നും എത്ര റോഡുകൾ എത്ര രൂപക്കാണ് കൺവീനർ വർക്കായി നൽകിയിട്ടുള്ളത് എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തവനൂർ പഞ്ചായത്തിൽ നിലവിലുള്ള ഭരണസമിതി വന്നതിനുശേഷം 269 റോഡുകൾക്കായി 5,92,87,107 രൂപ (അഞ്ച് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി എൺപത്തിയേഴായിരത്തി ഒരു നൂറ്റി ഏഴ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പ്രശാന്തി ഗാർഡൻസ് മോഡൽ ക്രിമിറ്റോറിയം

212 (3189) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉള്ള്യേരി ഗ്രാമപഞ്ചായത്തിൽ പ്രശാന്തി ഗാർഡൻസ് മോഡൽ ക്രിമിറ്റോറിയം നിർമ്മിക്കുന്നത് സംബന്ധിച്ച ശിപാർശകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച തുടർനടപടികളുടെ പുരോഗതി അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എം.എസ്. സ്പേയ്സ് ആർട്ട്, പാച്ചാക്കിൽ കോഴിക്കോട് സമർപ്പിച്ച ഡിസൈൻ കൺസപ്റ്റ് അടിസ്ഥാനമാക്കി പ്രശാന്തി ഗാർഡൻസ് മോഡൽ ക്രിമിറ്റോറിയത്തിന്റെ സ്കെച്ചറൽ ഡിസൈനും ഡീറ്റെയ്ൽഡ് പ്ലാൻ എസ്റ്റിമേറ്റും ലഭ്യമാക്കുന്നതിന് 10-3-2015-ന് എം.എസ്. സ്പേയ്സ് ആർട്ട്, പാച്ചാക്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്.

പഞ്ചായത്തുകൾക്ക് നൽകിയ ലോകബാങ്ക് ഫണ്ട്

213 (3190) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും, സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്തെ പഞ്ചായത്തുകൾക്ക് ലോകബാങ്ക് സർക്കാർ മുഖേന നൽകിയ ഫണ്ടിന്റെ കണക്ക് വെളിപ്പെടുത്തുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly